Talented Bankers Literary Panel
പുസ്തക പരിചയം 266

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്,
റീജണൽ ഓഫീസ്,
കരോൾബാഗ്,
ന്യൂഡൽഹി.

ആത്മാവിൽ പ്രണയത്തിന് തീകൊളുത്തുക
ജയൻ മഠത്തിൽ

*പുസ്തകൗഷധക്കുറിപ്പ്*

ചില സിനിമകൾ കണ്ടുകൊണ്ടിരിക്കുമ്പോൾ നമുക്ക് തോന്നാറില്ലേ
കഴിഞ്ഞയുടനെ
തിരിച്ചോടിപ്പോയി പ്രണയിയെ /പങ്കാളിയെ ചുംബിക്കാൻ; അല്ലെങ്കിൽ
മുമ്പിൽ മുട്ടുകുത്താൻ ?!

അതുപോലെ,
ചില പുസ്തകങ്ങൾ
എയർപ്പോക്കറ്റുകളിലൂടെ കടന്നുപോകുന്ന വിമാനങ്ങളെപ്പോലെ
ചിലപ്പോൾ നമ്മളെ കുലുക്കി വിറപ്പിച്ചു കളയും!
ഓർമ്മയുടെ കോശങ്ങൾ പിടഞ്ഞുണരും;
ചില പുസ്തകങ്ങളിലേക്കു തിരിച്ചു പോകാൻ തോന്നും.

ജയൻ മഠത്തിലിൻറെ "ആത്മാവിൽ പ്രണയത്തിന് തീകൊളുത്തുക" എന്ന
ഉപന്യാസ സമാഹാരവും അതുതന്നെയാണ് നമ്മളോടു ചെയ്യുന്നത്.

പുസ്തകാസ്വാദനങ്ങളുടെ
ഒരു ശേഖരം ആകുന്നതിനോടൊപ്പം
ചില പ്രതിഭാശാലികൾക്കുള്ള വാഴ്ത്തുപാട്ടും കൂടിയാണ് ഈ പുസ്തകം.

പി കെ രാജശേഖരന്റെ "വാക്കിന്റെ മൂന്നാംകര" അല്ലെങ്കിൽ അജയ്
മങ്ങാട്ടിന്റെ "പറവയുടെ സ്വാതന്ത്ര്യം" തുടങ്ങിയവയുമായി
താരതമ്യപ്പെടുത്തുമ്പോൾ വളരെ ലഘുവായ ഒന്ന്.

ജിബ്രാന്റെയും റിൽക്കേയുടേയും ക്ലാസിക്കുകളിൽ തുടങ്ങി,
TD രാമകൃഷ്ണന്റെയും A അയ്യപ്പന്റെയും കാലുകൾ തൊട്ടുഴിഞ്ഞ്,
ടാഗോറിന്റെയും കട്ടിക്കാടച്ചന്റെയും തൂവലുകളെ തലോടി,
വൻകരകൾ താണ്ടി ദസ്വിതവേയ്സ്കിയെയും

സാർത്ര് സിമോൺ ദി ബുവേയേയും സ്പർശിച്ച്,
പ്രസംഗവേദിയിൽ മരിച്ചുവീണ
എം എൻ വിജയൻ മാഷിന്റെ ധിഷണയിലേക്ക് ജയൻ തന്റെ
പേനയെ കൂപ്പുകുത്തിക്കുന്നു.

'പുസ്തകം വായനക്കാരനെ
തലയ്ക്കടിച്ചുണർത്തുന്നില്ലെങ്കിൽ വായിക്കുന്നതെന്തിനാണ്' എന്ന
ചോദ്യം മുഴങ്ങുന്നു.

ഇതിനിടയിൽത്തന്നെ,
വൃന്ദ പുനലൂർ ,എം ബഷീർ ,വിളവൂർ ശ്രീകുമാർ തുടങ്ങിയ പുതു
എഴുത്തുകാരെ മുൻനിരയിലേക്ക് നീക്കിവെക്കുകയും ചെയ്യുന്നു.

ചില ലേഖനങ്ങളിലെങ്കിലും
ഒഴുക്കുള്ള പതിവു ശൈലി വിട്ട്
ഒരു അലസഗമനം സ്വീകരിക്കുന്നുണ്ട് എഴുത്തുകാരൻ.

എങ്കിലും പുസ്തകസ്നേഹികൾ വായിച്ചിരിക്കേണ്ട പുസ്തകമാണ്
'ആത്മാവിൽ പ്രണയത്തിന് തീ കൊളുത്തുക'.
ഏകാന്തതടവിൽ അകപ്പെട്ടവർക്കുള്ള
ഒരു പുസ്തകൗഷധക്കുറിപ്പ് !

പ്രസാധകർ - പച്ചമലയാളം ബുക്സ്
വില - 170 രൂപ